**MR. A. KUMARA PILLAI** (*Secretary to Government*): The statement* is laid on the table.

*Statement, by caste, of appointments made by Miss Chachi Thomas, Assistant Inspectress of Girls' Schools in 1107.*

74. **MR. S. KRISHNA PILLAI** (*Karunagapalli*): Will the Government be pleased to lay on the table a statement, by caste, of the appointments made by Miss Chachi Thomas, Assistant Inspectress of Girls' Schools, during the year 1107 (till 30-10-1107)?

**MR. K. GEORGE** (*Chief Secretary to Government*): The question does not arise as Miss Chachi Thomas was not an Assistant Inspectress of Girls' Schools during the period referred to by the member.

**MR. S. KRISHNA PILLAI** (*Karunagapalli*): May I know what the individual mentioned in my question was doing during that period?

**MR. K. GEORGE** (*Chief Secretary to Government*): She was a teacher in the High School in Trivandrum.

**MR. S. KRISHNA PILLAI** (*Karunagapalli*): May I know for how long she was a teacher in the High School?

**PRESIDENT**: That question does not arise, Mr. Krishna Pillai.

**MR. JOSEPH KUNJU** (*Changanachery* cum *Peermade*): സർ, നിയമസഭാനടപടി ആരംഭിക്കുന്നതിനുമുമ്പായി ഒരു സംഗതി പ്രസിഡൻറിന്റെ ശ്രദ്ധയിൽ എനിക്കു കൊണ്ടുവരേണ്ടതായിട്ടുണ്ട്. ചോദ്യകർത്താക്കളുടെ പേരുകളും ചോദ്യനമ്പരുകളും കൌൺസിൽ സെക്രട്ടറി വായിക്കുന്നതു് എനിക്കു കേൾക്കാൻ നിവൃത്തിയില്ല. അതിനാൽ രണ്ടു ചോദ്യങ്ങൾക്കു് ഉപചോദ്യം ചോദിക്കാൻ എനിക്കു സൌകര്യംകിട്ടാതെ പോയി. മേലാലെങ്കിലും ഈ വിധത്തിലുള്ള അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്യണമെന്നു ഞാൻ പ്രസിഡൻറിനോടു അപേക്ഷിച്ചുകൊള്ളുന്നു.

**PRESIDENT**: Secretary, please say that you will speak up.

**MR. P. VISVANATHA AIYAR** (*Secretary to Government*): ഇനി ഉറക്കെ പറയാം.

**MR. JOSEPH KUNJU** (*Changanachery* cum *Peermade*): ഇപ്പോൾ പറഞ്ഞതും കേട്ടില്ല. (*Laughter*).

**MR. P. VISVANATHA AIYAR** (*Secretary to Government*): ഉറക്കെ പറയാം.

## Legislative business.

### THE JENMI AND KUDIYAN REGULATION AMENDMENT BILL.

**Clause III (*e*).**

**MR. S. KRISHNA PILLAI** (*Karunagapalli*): Sir, I beg to move...

**PRESIDENT**: You are taking amendments Nos. 11 and 12 together?

* *Vide* Appendix IV—page viii

LIBRARY ARCHIVES Kerala Legislative Assembly

**MR. S. KRISHNA PILLAI** (*Karunagapalli*): They relate to two distinct clauses, but, as I am going to advance the same arguments to both, the two may be moved together.

Sir, I beg leave to move that the expressions "dues or" in Section 3 clause (12), sub-clause (iii), line 1 and "due or" occurring in clause (12), sub-clause (iv), line 4, be deleted.

My object in moving this is only to bring about a verbal alteration in order that unnecessary or redundant expressions might be removed from the clause which reads thus: "When other dues or cesses are claimable by a jenmi, the annual value of such shall be ascertained by calculation". The expression "other dues or cesses are claimable", is in my opinion, a little redundant because "customary dues" in clause (12) is defined as cesses or perquisities" so that whether the expression "dues" is made use of or the expression "cesses" is used, the idea conveyed is the same. If there is any distinction between "dues" and "cesses", I can understand that there would be some justification for the existence of these two words in the same clause. Otherwise, it might lead to some confusion. We might be induced to think that the two denote two different perquisites. It is in order to avoid the confusion, that I sent up this amendment, and if the member in charge of the Bill would explain to us that these two words are necessary, I am prepared to withdraw my motion. In an enactment, there should be no unnecessary or redundant expressions.

**MR. E. V. KRISHNA PILLAI** (*Kottarakara* cum *Kunnattur*) Then according to the member how should the expression read?

**MR. S. KRISHNA PILLAI** (*Karunagapalli*): It should read as "When other cesses are claimable by a jenmi..." "Dues" means cesses or perquisites. "Dues", "cesses", and "perquisites"—all these three connote the same idea. If there is any distinction between the two, I can understand that both of them should be retained. If there is no distinction at all, if the three expressions are understood as denoting or conveying the same meaning, I think one of these expressions would be quite sufficient.

**MR. K. P. ABRAHAM** (*Muvattupuzha* cum *Todupuzha*): Is the word "cess" defined?

**MR. S. KRISHNA PILLAI** (*Karunagapalli*): No definition is necessary. "Customary dues" means cesses or perquisites. If the word "perquisites" is made use of, you can immediately understand that it means "customary dues." If the words "customary dues" are used you can understand them to mean "cesses." I therefore submit, Sir, that the three expressions "perquisites", "dues" and "cesses" are not necessary and that one would be quite sufficient.

**MR. KAYALAM PARAMESVARAN PILLAI** (*Additional Head Sirkar Vakil*): May I know what harm is there in retaining the three expressions?

LIBRARY ARCHIVES Kerala Legislative Assembly

**MR. S. KRISHNA PILLAI** (*Karunagapalli*): There is practically no harm. We are not concerned with whether there is any harm or not. As for that matter, all harmless expressions which are redundant should not find a place in legislation. There may be ever so many harmless words in the English language, but they are not necessary for this legislation. The retention of the two expressions mentioned above may, perhaps, create some confusion. It is therefore Sir, that I am moving this amendment.

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*) : 'വരി' എന്നും, 'അവകാശം' എന്നും പറയുന്നതായ രണ്ടുവാക്കിന്റെയും അർത്ഥം ഒന്നാണോ അല്ലയോ മെമ്പർ പറയുന്നത്?

**MR. S. KRISHNA PILLAI** (*Karunagapalli*) : എന്നാണു നാം പാസാക്കിയിരിക്കുന്ന ഡെഫനിഷൻ കൊണ്ടു ഞാൻ മനസ്സിലാക്കുന്നത്. അവയ്ക്ക് തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ അതുതന്നെ വയ്ക്കുന്നതിൽ എനിക്കു വിരോധമില്ല. 'കസ്റ്റമറിഡ്യൂസ്' എന്നുപറയുന്നതിൽ സെസ്സും പെർക്വിസിറ്റ്സും ഉൾപ്പെട്ടുമെന്നാണു ക്ലാസ് ഫ വ-ൽ കാണുന്നതു. അങ്ങനെയാണെങ്കിൽ ഈ മൂന്നിൽ ഏതെങ്കിലും ഒരു വാക്കു, മൂന്നാമത്തെതും നാലാമത്തെതും വകുപ്പിൽ ഉപയോഗിച്ചാൽ മതിയെന്നാണ് എനിക്കു തോന്നുന്നതു. ആ സംശയംകൊണ്ടാണ് ഇങ്ങനെ ഒരു വെർബൽമാറ്റം വരുത്തണമെന്നുള്ള ഭേദഗതി ഞാൻ ഇവിടെ ഹാജരാക്കീട്ടുള്ളതു.

I am moving the motion for the acceptance of this House.

**MR. E. V. KRISHNA PILLAI** (*Kottarakara* cum *Kunnattur*) : I second it.

The reason is very simple, Sir. As suggested by the Law Member, it is harmless to retain all the three expressions. But it is more harmless and will avoid in an easier way future confusion when such provisions are subjected to the scrutiny of the courts if either of these two words is taken away. As for the desirability of keeping one word in preference to the other, my submission is that it is better to retain "cesses" inasmuch as "dues", as such, does not find any explanation or any place in this Section. I submit that the word "cesses" may be retained and the word "dues" deleted.

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): 'അവകാശം' എന്നും 'വരി' എന്നും ഉള്ള പദങ്ങളുടെ അർത്ഥം ഒന്നാണെന്നാണ് അനുമാനിക്കേണ്ടതെങ്കിൽ ആ പദംതന്നെ കിടക്കുന്നതിൽ മെമ്പർക്കു വിരോധമുണ്ടോ?

**MR. E. V. KRISHNA PILLAI** (*Kottarakara* cum *Kunnattur*): 'വരി' എന്നും 'അവകാശം' എന്നും ഉള്ളതു ഇംഗ്ലീഷിലുള്ള ഏതേതു വാക്കുകളുടെ തർജ്ജിമയാണെന്നു മനസ്സിലാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): മലയാളതർജ്ജിമയിൽ 'അവകാശം' എന്നും 'വരി' എന്നും ആണ കാണുന്നത്.

**MR. E. V. KRISHNA PILLAI** (*Kottarakara cum Kunnattur*): അങ്ങനെയാണെങ്കിൽ 'ഡ്യൂസ്' എന്നുള്ളതിനു 'അവകാശം' എന്നും, 'സെസ്സസ്സ്' എന്നുള്ളതിനു, 'വരി' എന്നും മനസ്സിലാക്കണം. 'അവകാശം' എന്ന വയ്ക്കുമ്പോൾ പിന്നെയും ചില കുഴപ്പങ്ങൾ വന്നേക്കാനിടയുണ്ട്. അതിനാൽ 'സെസ്സസ്സ്' (വരി) എന്നുവയ്ക്കയാണെനല്ലതു്.

Sir, I second the motion. Mr. Tuppan Namputiripad himself has now invited our attention to the Malayalam translation of the words. It was suggested by the Law Member that the retention of both the words would be harmless. "Dues" when translated becomes *Avakasam*" (അവകാശം) and "cess" means *Vari* (വരി). When the Malayalam translations of these two words are taken into consideration, the word *Avakasam* seems to comprise or to contain a broader meaning than the word *Vari*. It is therefore highly necessary, especially in view of the fact that the Jenmi member himself was very much doubtful over the desirability of keeping these two words, that one word should be deleted and the other retained. He wants to retain one word in preference to the other. If he was of opinion that both the words connoted the same thing, either of them could have been retained. Now, even at this insertion stage, he wants to retain the first word in preference to the second. It is very necessary to avoid future confusion that one of these words should be taken away, and as I submitted, the word "dues" may be deleted.

ഞാൻ തിരുമേനിയോടു പറയുന്നതെന്തെന്നാൽ, ലാമെമ്പർ പറയുന്നതു് ഈ രണ്ടു പദത്തിനും അത്ഥം ഒന്നാണെന്നാണു്.

**MR. KAYALAM PARAMESVARAN PILLAI** (*Additional Head Sirkar Vakil*): ലാമെംബർ ഒന്നും പറഞ്ഞില്ല, ഒരു ചോദ്യം ചോദിച്ചേയുള്ളു.

**MR. E. V. KRISHNA PILLAI** (*Kottarakara cum Kunnattur*): അതുകൊണ്ടു ഈ രണ്ടുപദത്തിൽ ഏതെങ്കിലും ഒന്നു ഇരുന്നാൽ മതിയെന്നാണു് എന്റെ അഭിപ്രായം.

**MR. KAYALAM PARAMESVARAN PILLAI** (*Additional Head Sirkar Vakil*): On a personal explanation, I submit, Sir, that I never expressed any opinion. I only put him a question in the course of his speech.

(To Mr. Tuppan Namputiripad) ഞാൻ അഭിപ്രായം പറഞ്ഞതായി തെറ്റിധരിക്കരുതു്. ഞാൻ ചോദ്യം ചോദിക്ക മാത്രമെ ചെയ്തൊള്ളു.

LIBRARY ARCHIVES Kerala Legislative Assembly

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ള ആളുതന്നെ ഈ രണ്ടു പദങ്ങളുടെയും അർത്ഥം ഇംഗ്ലീഷിൽ ഒന്നുതന്നെയാണു് എന്നാണു പറയുന്നതു്. ഞാൻ അതു വിശ്വസിക്കുന്നു.

**MR. E. V. KRISHNA PILLAI** (*Kottarakara* cum *Kunnattur*): രണ്ടിന്റെയും അർത്ഥം ഇംഗ്ലീഷിൽ ഒന്നുതന്നെയാണൊ?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*) : മിസ്റ്റർ എസ്. കൃഷ്ണപിള്ള അങ്ങനെ പറഞ്ഞതുകൊണ്ടു ഒന്നാണെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു.

**MR. E. V. KRISHNA PILLAI** (*Kottarakara* cum *Kunnattur*): മലയാളത്തിലൊ?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): അതിനെപ്പറ്റി പറയാം. എനിക്കു് ഇരിക്കേണ്ടതായ ഒന്നിനെ അവകാശമെന്നും, എനിക്കു കിട്ടാനുള്ളതിനെ 'വരി' എന്നുമാണു സാധാരണ മനസ്സിലാക്കേണ്ടതു്.

**MR. E. V. KRISHNA PILLAI** (*Kottarakara* cum *Kunnattur*): 'അവകാശം' എന്നുള്ളതിന്റെ വ്യാപ്തി 'വരി' എന്നുള്ള പദത്തിനു വരുന്നില്ലെ?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): ഇല്ല. 'അവകാശം' എന്നുള്ളതിനു നിങ്ങൾ ഉദ്ദേശിക്കുന്നതുപോലെയുള്ള വ്യാപ്തിയല്ല ഇതിൽകാണുന്നതു്. അതായതു സന്ദർഭങ്ങളനുസരിച്ചു് ഓരോന്നിനും ഓരോ 'അവകാശങ്ങൾ' ഉണ്ടു്. ഉദാഹരണമായി പറയാം. ഒരു പെൻസിൽ എന്റെ കയ്യിൽ ഇരിക്കുവാനുള്ള 'അവകാശവും', ഒരു വസ്തുവിന്മേൽ എനിക്കുള്ള ഉടമസ്ഥാവകാശവും, 'അവകാശം' എന്നുള്ള പദത്തിന്റെ വ്യാപ്തിയിൽ വരുന്നതാണു്. 'വരി' എന്നുപറയുമ്പോൾ എനിക്കുവരേണ്ടതു് എന്നുള്ള അർത്ഥമെ കിട്ടുന്നുള്ളൂ.

**MR. M. GOVINDAN** (*Nominated*) : 'വരി' കിട്ടുവാനുള്ള അവകാശം ഒരവകാശമല്ലെ?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): അതെ.

ഈ നിലയിൽ നോക്കുമ്പോൾ രണ്ടിന്റെയും അർത്ഥം മലയാളത്തിൽ ഒന്നാണെന്നു വിചാരിക്കുവാൻ ഒരുവഴിയും കാണുന്നില്ല.

**MR. KAYALAM PARAMESVARAN PILLAI** (*Additional Head Sirkar Vakil*): അവകാശത്തിന്റെയും വരിയുടെയും അർത്ഥം രണ്ടും രണ്ടാണെന്നു ഉദാഹരണസഹിതം പറയാമൊ?



LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): പറയാം, 'അവകാശം എന്നുള്ളതു് ഏതെങ്കിലും ഒന്നു എന്റെ കൈവശം ഇരിക്കുന്നതിനൊ, അല്ലെങ്കിൽ അതെനിക്കു സ്വീകരിക്കുന്നതിനൊ ഉള്ള ഒരു സ്ഥിതിയാകുന്നു. എന്നാൽ എനിക്കു കിട്ടേണ്ടതായ ഒരു സംഖ്യയെ സൂചിപ്പിക്കുന്നതായ ഒരർത്ഥമാണു 'വരിക്കു' വരുന്നതു്. അതായതു് ഏതെങ്കിലും ഒരു സാധനം എനിക്കു കിട്ടാനുള്ള അവകാശമാണു 'വരി.'

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): മേലാൽ കിട്ടാനുള്ളതാണൊ 'അവകാശം' എന്നുപറയുന്നതു്.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : മേലാൽ കിട്ടാനുള്ളതും മുൻപു കിട്ടീട്ടുള്ളതും, ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നതും എല്ലാം ഒരുതരത്തിൽ 'അവകാശം' ആണു്. 'വരി' എന്നുള്ളതു് 'അവകാശത്തിനു' പകരമൊ, 'അവകാശം' എന്നുള്ളതു 'വരിക്കു' പകരമൊ, ഉപയോഗിക്കാൻ പാടില്ല. ഈ പെൻസിൽ എന്റെകയ്യിൽ ഇരിക്കുവാനുള്ള 'വരി' എന്നൊ, അല്ലെങ്കിൽ എനിക്കു ഈ കസേരയിൽ ഇരിക്കുവാനുള്ള 'വരി' എന്നൊ, ആരും ഉപയോഗിക്കുകയില്ല. അതിനാൽ ഈ രണ്ടു പദത്തിന്റെയും അർത്ഥം രണ്ടാണെന്നാണു് മലയാളത്തിൽകാണുന്നതു്. ഇനി പണ്ഡിതന്മാരായ വല്ല ആളുകളും ഇതിന്റെ രണ്ടിന്റെയും അർത്ഥം ഒന്നാണെന്നു് സ്ഥാപിച്ചു ഗസറിൽ പരസ്യംചെയ്യുകയാണെങ്കിൽ അതിനുശേഷം അതു സ്വീകരിക്കാം. പിന്നീടു ഇതിന്റെ രണ്ടിന്റെയും അർത്ഥം ഒന്നാണൊ എന്നു ചോദിക്കുന്നപക്ഷം ഈ ഗസറുകാണിച്ചാൽ മതിയാകുമല്ലൊ. അങ്ങനെ ഒരു സന്ദർഭം ഉണ്ടാകുന്നതുവരെ ഈ രണ്ടു പദങ്ങളുടെയും അർത്ഥം ഒന്നാണെന്നു സ്വീകരിക്കാൻ നിവൃത്തിയില്ല.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : ഞാൻ ചോദിച്ചതുപോലെ ഉദാഹരണം പറഞ്ഞില്ലല്ലൊ? 'ഉത്സവക്കൊപ്പു്' എന്നുള്ളതു 'വരി'യെന്നുപറയാമൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : 'ഉത്സവവരി' എന്നു പറയാം.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : അതുപോലെ 'അവകാശം' എന്നുള്ളതിനും ഒരു ഉദാഹരണം പറയാമൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : പറയാം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ധനസംബന്ധമായ ആദായങ്ങൾ ഇല്ലാതെ എന്തെങ്കിലും ജോലിചെയ്യണമെന്നുള്ള 'അവകാശം' കരാർ ചെയ്തിട്ടുള്ള കാണയാധാരങ്ങൾ കാണുമൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അങ്ങനെയും കാണാം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അതിനെ 'വരി' എന്നു പറയാമൊ, അതൊ 'അവകാശം' എന്നു പറയണൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതിനെ 'വരി' എന്നുപറയാൻ പാടില്ല. ആധാരങ്ങളിൽ ഓരൊതരത്തിൽ വ്യവസ്ഥചെയ്തിരിക്കും. അതു് ഒരു കോടതി എങ്ങനെ വ്യാഖ്യാനിക്കുന്നു എന്നറിഞ്ഞശേഷം മാത്രമെ 'വരി' യാണൊ അതല്ല 'അവകാശ'മാണൊ എന്നു പറയാൻ തരമുള്ളു. മിച്ചവാരത്തിനുംപുറമെ കിട്ടേണ്ടതായ ഏതാനും ചില ആദായങ്ങൾകൂടി ഉണ്ടു്. സാധാരണ അവയെ മാത്രമെ 'വരി' യെന്നുപറയാറുള്ളു.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ദേവസ്വം വസ്തുക്കൾ, ക്ഷേത്രങ്ങളിൽ ചില ജോലികൾ ചെയ്തുകൊള്ളണമെന്നുള്ള കരാറോടുകൂടി കാണം എഴുതികൊടുക്കാറില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): എന്റെ അറിവിൽ പെട്ടിടത്തോളം ഇല്ല. എന്നാൽ വസ്തു അനുഭവിച്ചുകൊള്ളണം എന്നു എഴുതികൊടുക്കാറുണ്ടു്.

MR. K. KUNJUKRISHNA PILLAI (*Quilon*): 'ഡ്യൂസ്' എന്നുള്ളതിന്റെ വിവരണം ഫാറാമത്തെക്ലാസിൽ നാം പാസാക്കികഴിഞ്ഞിട്ടുണ്ടെന്നു മെംബർക്കറിയാമൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): പാസാക്കിയിരിക്കാം. ചിലതെല്ലാം തള്ളിപ്പോയതുകൊണ്ടു് ഇതിനെപ്പറ്റി എനിയ്ക്കു നിശ്ചയമില്ല.

MR. K. KUNJUKRISHNA PILLAI (*Quilon*): 'വരി'യും 'അവകാശ'വും കൂടിചേർത്തല്ലെ അതു പാസാക്കിയതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): പ്രത്യേകം പ്രത്യേകം വിവരിച്ചിട്ടില്ല. ആ സ്ഥിതിക്കു ഇതിൽ ഒന്നു എടുത്തുകളയണമെന്നു പറയാൻ പാടില്ല.

MR. S. KRISHNA PILLAI (*Karunagapalli*): കാണയാധാരമനുസരിച്ചു ജന്മിമാക്കുള്ള അവകാശം ഈ ബില്ലിൽ രണ്ടുതരത്തിലാണു് വിവരിച്ചിട്ടുള്ളതെന്നു മെംബർക്കറിയാമൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അറിയാം.

MR. S. KRISHNA PILLAI (*Karunagapalli*): അടുക്കുവതു, ഒപ്പുസൂചി, തുടങ്ങിയ ഫാറം കൊല്ലംകാലത്തിനിടയിൽ ജന്മിക്കു സ്ഥിരമായി കൊടുത്തു

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Krishna Pillai.]

വരുന്ന അവകാശം ഒന്നായി തിരിച്ചു. രണ്ടാമതു, 'കസ്റ്റമറിഡ്യൂസ്' എന്ന ഇംഗ്ലീഷിൽ പറയുന്നതു് (മെംബക്കു തന്നിട്ടുള്ള മലയാളതർജ്ജിമയിൽ എങ്ങനെ കാണുന്നുവൊ അതു്) ഈ രണ്ടവകാശങ്ങളാണല്ലൊ കാണയാ ധാരപ്രകാരം ജന്മിമാക്കുള്ളതു്. ഇതിൽ അടുക്കുവതു മുതലായവ കഴിഞ്ഞിട്ടു 'കസ്റ്റമറിഡ്യൂസ്' എന്നു പറയുന്ന ഇനത്തിൽപെട്ടതു് ഇന്നതെല്ലാമാണെന്നു ക-ാംവകുപ്പിൽ വിവരിച്ചു. അതിനുശേഷം ഈ രണ്ടുതരത്തിലുള്ള അവകാശങ്ങളും ഇത്ര ഇത്ര ശതമാനംവീതം കൊടുക്കണമെന്നും വ്യവസ്ഥചെയ്തു. ഇതു രണ്ടും ഒഴിച്ചു ബാക്കിയുള്ള 'കസ്റ്റമറിഡ്യൂസ്' ഇന്നതരത്തിൽ ചെയ്യേണ്ടതാണെന്നാണു് മൂന്നാമത്തെ ക്ലാസിൽകാണുന്നതു്. അങ്ങനെയാണെങ്കിൽ 'കസ്റ്റമറിഡ്യൂസ്' എന്ന മാത്രമല്ലാതെ 'അവകാശം' എന്ന ഒരു സ്ഥലത്തും 'വരി' എന്ന മറൊരുസ്ഥലത്തും തിരിച്ചെഴുതുന്നതിൽ മെംബക്കുതന്നെ ഇപ്പോൾ തെറ്റിദ്ധാരണ ഉണ്ടായില്ലെ?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): അവകാശങ്ങളുടെകൂട്ടത്തിൽ ആറവകാശം ഒന്നു വേറെ തിരിച്ചിട്ടുണ്ടു്.

**MR. S. KRISHNA PILLAI** (*Karunagapalli*): ക കൊല്ലത്തിലൊരിക്കൽ പൊളിച്ചെഴുത്തുതുടങ്ങിയുള്ള അവകാശങ്ങൾ കിട്ടുന്നതിനെസംബന്ധിച്ചു നാം ഡിസ്കസ്ചെയ്തു പാസാക്കികഴിഞ്ഞു. ബാക്കിയുള്ളതാണു് നടപ്പവകാശം. ഈ നടപ്പവകാശങ്ങളിൽ രണ്ടെണ്ണം അതായതു്, ആറുകാഴ്ച, കലശവരി, ഇവ ഇത്ര ശതമാനം വച്ചുകൊടുക്കണമെന്നു ക്ലാസ് ക (ക), (ഖ), ഈ വകുപ്പുകളിൽ പ്രത്യേകം എടുത്തുപറഞ്ഞു. ബാക്കിയുള്ള സകല അവകാശങ്ങളെയും സംബന്ധിച്ചാണു് ക്ലാസ് ക (ങ)-ൽ പറയുന്നതു്. ഇങ്ങനെ വിവരിക്കുന്നതു നടപ്പവകാശം എന്ന വാക്കുകൊണ്ടു മനസ്സിലാക്കിയാൽ പോരെ എന്നാണു് എന്റെചോദ്യം. 'വരി' എന്നും 'അവകാശം' എന്നും പറയുന്നതു മുഴുവൻ നടപ്പവകാശത്തിൽ അന്തർഭവിച്ചുകഴിഞ്ഞു. അല്ലെങ്കിൽ അതിനെപ്പറ്റി ഒരു വ്യാഖ്യാനമൊ പ്രത്യേകം വകുപ്പൊ കാണുമായിരുന്നു. അതുകൊണ്ടു തെറ്റിദ്ധാരണ ആളുകളുടെ ഇടയിൽ ഉണ്ടാകാതിരിക്കുന്നതിനായി ഈ പദങ്ങളിൽ ഏതെങ്കിലും ഒന്നു എല്ലാസ്ഥലത്തും വച്ചാൽ മതി എന്നുള്ളതാണു എന്റെ ഭേദഗതി എന്നു മെംബർ മനസ്സിലാക്കുന്നുണ്ടൊ?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): നടപ്പവകാശം എന്നു വയ്ക്കുന്നതിൽ ഇതെല്ലാം അന്തർഭവിക്കുമെങ്കിൽ അതു മതി.

LIBRARY ARCHIVES Kerala Legislative Assembly

**MR. S. KRISHNA PILLAI** (*Karunagapalli*) : I have absolutely no objection. All that I want is that one of the expressions should be deleted in order that a confusion similar to the one that has now arisen might be avoided. We may retain "customary dues" and delete the other.

We have now dealt with two classes of dues in sub-clauses (i) and (ii), namely, *Kalsavari* and *Arukazhcha*. Sub-clause (iii) deals with the remaining dues, whatever they may be. They are also called customary dues. Instead of calling them "dues" or "cesses", I have no objection to use the expression now suggested.

**RAO BAHADUR A. VENKATARAMA AIYAR** (*Nominated, Deputy President*) : Sir, am I to understand that Mr. Krishna Pillai wants to substitute the expression '*other customary dues*' instead of '*other dues or cesses*' occurring in sub-clause (iii) ? If so, I have nothing to say against it. If not difficulties may arise. In clause (12), the expression '*customary dues*' is used as a generic term to cover cesses and perquisites also. Therefore, if, as now proposed to be amended by Mr. Krishna Pillai, the expression '*cesses*' alone is to be retained instead of the expression "*other dues or cesses*", it may be argued that the expression '*perquisites*' has been deliberately omitted, and that, with that omission, particular dues to the jenmi have also ceased to be claimable by him. Admittedly, that is not the intention of Mr. Krishna Pillai himself. On the other hand, if the expression '*customary dues*' is used, it would be all-comprehensive and would include all manner of dues claimable by the jenmi. Therefore, to avoid confusion later on, I would suggest that the expression '*customary dues*' may be substituted instead of the expression' *other dues or cesses*'.

**MR. KAYALAM PARAMESVARAN PILLAI** (*Additional Head Sirkar Vakil*) : Is it possible that there may be dues in regard to the nature of which doubts may arise as to whether they are customary dues or not ?

**RAO BAHADUR A. VENKATARAMA AIYAR** (*Nominated, Deputy President*): Apart from that question, my point is that, when there is likelihood of a differentiation being attempted to be made between perquisites and cesses and an argument being based upon it, it is better for us to make use of the expression '*customary dues*' which is all-comprehensive and not liable to lead to any doubt or dispute later. If the expression *perquisites*' is omitted, it may be argued later that, so far as payment in kind is concerned, the idea was that the jenmi should not be entitled to those kinds of dues covered by the expression '*perquisites*'. It is to avoid such a contingency that I suggest the substitution of the comprehensive expression '*customary dues*' instead of the expression "*other dues and cesses*'.

**MR. A. S. DAMODARAN ASAN** (*Mavelikara* cum *Kartikapalli*): When clause (12) says 'when *customary dues* are claimable by the jenmi, is it likely that any dues would be taken away by the mere fact of the expression 'perquisites' not finding a place in sub-clause (iii) now under consideration ?

LIBRARY ARCHIVES Kerala Legislative Assembly

**RAO BAHADUR A. VENKATARAMA AIYAR** (*Nominated, Deputy President*) : When the statute has in some places made use of the comprehensive expression '*customary dues*' and when, at the same time, in this sub-clause (iii) only the words "*other dues or cesses*" are used, certainly it is likely that later on attempts would be made to argue that the absence of the word '*perquisites*' has been deliberatly made and that the jenmi is not therefore entitled to certain kinds of dues covered by that expression.

**MR. KAYALAM PARAMESWARAN PILLAI** (*Additional Head Sirkar Vakil*) : Is it likely that there would be any *kanam* deed or other document under which certain dues mentioned therein would not be customary dues ?

**RAO BAHADUR A. VENKATARAMA AIYAR** (*Nominated, Deputy President*) : Apart from that question, my point is that there is possibility of an attempt being made later on to distinguish between cesses and perquisites, if in this sub-clause we omit the word '*perquisites*'. It is certainly not our intention to omit any kind of dues. We *do* want to provide for the commutation of every kind of dues that would come within the meaning of the expression '*customary dues*'.

**MR. KAYALAM PARAMESVARAN PILLAI** (*Additional Head Sirkar Vakil*) : Suppose the word '*perquisites*' is also inserted. Will that be sufficient ?

**RAO BAHADUR A. VENKATARAMA AIYAR** (*Nominated, Deputy President*): The better course would be to use the expression '*customary* dues'. That is all-comprehensive, and will save all trouble.

**MR. KAYALAM PARAMESVARAN PILLAI** (*Additional Head Sirkar Vakil*) : That is why I wanted to know whether there will be any document or *kanam* deed making mention of dues which would not be covered by the expression '*customary dues*'.

**RAO BAHADUR A. VENKATARAMA AIYAR** (*Nominated, Deputy President*) : The provision in clause (12) is:

> 'Customary dues' means cesses or perquisites consisting of Onakazhcha, Panchaphalam,.....or the like due annually or periodically on specific dates, and Arukazhcha, Kalasavari or the like due at periodical intervals, which, though specific, are not previously ascertainable, whenever such cesses or perquisites are payable by the Kudiyan to the Jenmi in accordance with the terms of a Kanapattom : "

My point is that this is an enabling provision for allowing the commutation of the payment in kind in regard to all manner of dues covered by the expression '*customary dues*'. It is clear that that is our intention. It is therefore that I suggest the use of the expression '*customary dues*' which is all-comprehensive.

**MR. KAYALAM PARAMESVARAN PILLAI** (*Additional Head Sirkar Vakil*) : Sir, I have no objection to accept the amendment proposed by the learned Deputy President.

ജന്മിപ്രതിനിധികളോട് ഒരു സംഗതി പറഞ്ഞുകൊള്ളട്ടെ. ഒഡപ്പൂട്ടിപ്രസിഡൻറ് അവർകൾ ഇവിടെ ഒരഭിപ്രായം പറഞ്ഞു. അതു ശരിയായിരിക്കുമെന്നു തോന്നുന്നു.

LIBRARY ARCHIVES Kerala Legislative Assembly

**RAO BAHADUR A. VENKATARAMA AIYAR** (*Nominated, Deputy President*): ഞാൻ നടപ്പവകാശം എന്നു പറഞ്ഞിട്ടുള്ളതു് അവകാശവും വരിയും ഉൾപ്പെടുത്തിയാണു് ക്ല-൩മത്തെ ക്ലാസിൽ അതിന്റെ വില നിശ്ചയിക്കുന്നതിനു മാത്രം വരി എന്നു വച്ചാൽ ക്ല-൩മത്തെ ക്ലാസിൽ ഉൾപ്പെടുത്തിയിട്ടുള്ള ശേഷംഅവകാശങ്ങളെപ്പറ്റി സംശയം ജനിക്കും. അതില്ലാതിരിക്കുന്നതിനു വേണ്ടി മുമ്പിലത്തെ ക്ലാസിൽ പറഞ്ഞിട്ടുള്ള നടപ്പവകാശം എന്നുള്ളതിനെതന്നെ ഉപയോഗിച്ചാൽ നന്നായിരിക്കുമെന്നാണു് ഞാൻ പറഞ്ഞതു്.

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): എനിക്കതു സ്വീകരിക്കുന്നതിൽ വിരോധമില്ല.

**MR. S. KRISHNA PILLAI** (*Karunagapalli*) : I have no objection to accept the amendment.

**PRESIDENT**: I think you can make the amendment in sub-clause (v) also. You find the expression there also.

**MR. K. KUNJUKRISHNA PILLAI** (*Quilon*): Under the rules we have to proceed clause by clause.

**PRESIDENT**: But the arguments are going to be the same and the same expression occurs in sub-clause (v) also. I have adopted this procedure already in regard to some of the provisions which we have passed.

**MR. S. KRISHNA PILLAI** (*Karunagapalli*): The expression '*customary dues*' may be substituted in sub-clauses (iii), (iv) and (v).

**PRESIDENT**: The following are the amendments now before the House :—

(1) In sub-clause (iii) of clause (12), substitute the expression *customary dues*' for the expression '*dues or cesses*', so that the provision will read 'when *customary dues* are claimable by the jenmi...'

(2) Substitute 'in valuing any *customary dues*' for 'in valuing any dues or cesses' in sub-clause (iv).

(3) In sub-clause (v), substitute 'amounts of the *customary dues*, instead of 'amounts of the dues or cesses.'

The amendments were put to the vote of the House and carried.

**Sub-clause (iv) of the proposed clause (12) of Section 3.**

**PRESIDENT**: There is an amendment, to sub-clause (iv), standing in the name of Mr. Tuppan Namputiripad.

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): സെക്ഷൻ ൧൨, ക്ലാസ് ക്ല൨ (൪)-ൽ വരുത്താനുള്ള ഭേദഗതി ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. "കാണപ്പാട്ട കരാറിൽ വിവരിച്ചിരിക്കുന്നതൊ" എന്ന ഭാഗവും "ഏതു കുറഞ്ഞതൊ" എന്നഭാഗവും എടുത്തുകളയണമെന്നുള്ളതാണു് എന്റെ ഭേദഗതി. കാണയാധാരങ്ങളിൽ ജന്മികൊടുക്കേണ്ട സാമാനങ്ങൾക്കു വച്ചിട്ടുള്ള വിലയും കമ്പോളനിരക്കും തമ്മിൽ താരതമ്യ

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Tuppan Namputiripad.]

പ്പെടുത്തി അതിൽ ഏതാണൊ കുറവായിട്ടുള്ളതു് അതു ജന്മിക്കുകൊടുക്കണമെന്നാണു് ഈ വകുപ്പിന്റെ അർത്ഥം. അതായതു്, ഒരാധാരത്തിൽ "൪ ചക്രത്തിനു ൧൦൦ പടറുകാ" എന്നു നിജപ്പെടുത്തികാണുകയും അന്നത്തെ കമ്പോളനിരക്കു ൧൦ ചക്രമായിരിക്കയും ചെയ്താൽ ഇതിൽ കുറഞ്ഞവിലയായ ൪ ചക്രം ജന്മിയ്ക്കുകൊടുത്തുകൊള്ളണമെന്നാണു്. അതുപോലെതന്നെ ആധാരത്തിൽ പത്തുചക്രം വിലവച്ചിരിക്കയും കമ്പോളനിരക്കു ൪ ചക്രം ആയിരിക്കയും ചെയ്താൽ അപ്പോഴും കുറവുള്ളതായ കമ്പോളനിരക്കു ജന്മിക്കുകൊടുക്കണമെന്നാണു്. ഇങ്ങനെ വയ്ക്കുന്നതിനു എന്തു ന്യായമാണുള്ളതെന്നു നോക്കുകയാണെങ്കിൽ ജന്മിക്കു കൊടുക്കുന്നതു കുറഞ്ഞിരിക്കണമെന്നുള്ള ഒരു ന്യായമല്ലാതെ മറെറാരു ന്യായവും കാണുന്നില്ല. ഈ റഗുലേഷൻകൊണ്ടു നാം ഒരോന്നും വ്യക്തപ്പെടുത്തുകയാണു് ചെയ്യുന്നതു്. അതിലേക്കു വേണ്ടിയാണു് ഇത്രയും ദീർഘാലോചന ചെയ്യേണ്ടതായിട്ടുവന്നതെന്നുകൂടി ആലോചിക്കണം. പലതരത്തിലുള്ള അവകാശങ്ങളെ സംബന്ധിച്ചു ഇപ്പോൾ ഒരു വ്യക്തതയുമില്ല. നിയമത്തിലുള്ള വകുപ്പുകളനുസരിച്ചും, ദേശാചാരങ്ങളനുസരിച്ചും പഴയ ആധാരങ്ങളിലുള്ള വാചകങ്ങളുടെ വ്യാഖ്യാനമനുസരിച്ചുമാണു് ഇന്നിപ്പോൾ അവകാശനിർണ്ണയം ചെയ്തുവരുന്നതു്. ദേശാചാരം തെളിയിക്കുന്നതിനു പല വ്യവഹാരങ്ങളുമുണ്ടായിട്ടുണ്ടു്. ഒരു കേസിൽ ദേശാചാരം ഒരു പ്രകാരം തെളിയിക്കുമ്പോൾ മറെറാരു കേസിൽ വേറൊരുതരത്തിൽ തെളിയിക്കും. ഇതുനിമിത്തം വ്യവഹാരങ്ങൾ വർദ്ധിച്ചുവരികയും ജന്മിയും കുടിയാനും ഒന്നുപോലെ പലവിധമായ കഷ്ടനഷ്ടങ്ങൾ സഹിച്ചു വരികയും ചെയ്യുന്നുണ്ടു്. അതുകൊണ്ടാണു് ഇന്നു അവ്യക്തതയിൽ കിടക്കുന്ന ഈ നിയമം മാററി വ്യക്തപ്പെടുത്തണമെന്നു നിശ്ചയിച്ചതു്. ഇങ്ങനെ മാററിക്കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിൽ ജന്മിമാരെ സംബന്ധിച്ചിടത്തോളം വ്യവസ്ഥപ്പെടുത്തിയും കുടിയാന്മാർക്കു ഗുണകരമായ ഭാഗം അവ്യക്തമായും ആണു കാണുന്നതു്. അതുവ്യക്തപ്പെടുത്തിയാൽ മേലാൽ വ്യവഹാരങ്ങൾ വർദ്ധിക്കുകയില്ല. ഈ റഗുലേഷൻ പാസായതിനുശേഷം ഇൻഡ്യായിൽകൊണ്ടിരിക്കുന്നതുപോലെയുള്ള വ്യവഹാരങ്ങൾക്കു ഇടകൊടുക്കാൻപാടില്ല.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): നാട്ടുനടപ്പനുസരിച്ചു ചെയ്താൽ വഴക്കുവരികയില്ല എന്നു പറഞ്ഞു. ഈ

LIBRARY ARCHIVES Kerala Legislative Assembly

ആധാരങ്ങളിൽ പറയുന്ന സാധനങ്ങൾക്ക് പടവുപുത്തിനും മറ്റും കമ്പോളനിരക്കുണ്ടോ?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): സകലസാധനങ്ങൾക്കും കമ്പോളനിരക്കുണ്ട്. ചീര, ചുണ്ടങ്ങാ, ഇവയ്ക്കുപോലും കമ്പോളനിരക്കു തിട്ടപ്പെടുത്തുന്നുണ്ട്.

**MR. A. S. DAMODARAN ASAN** (*Mavelikara* cum *Kartikapalli*): എല്ലാസാധനങ്ങൾക്കും അംഗീകരിച്ചതായ ഒരു നിരക്കുവില ഉണ്ടോ?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): ഉണ്ടെന്നാണ് എന്റെവിശ്വാസം.

**MR. A. S. DAMODARAN ASAN** (*Mavelikara* cum *Kartikapalli*): അങ്ങനെ അംഗീകരിച്ചിട്ടുള്ളതും ഗസറ്റിൽ പരസ്യംചെയ്തിട്ടുള്ളതുമായ നിരക്കുവിലയല്ലെ ആധാരങ്ങളിൽ കാണുന്നത്?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): അല്ല. ഞങ്ങൾക്കു സാമാന്യമാണു തരുന്നത്. ആധാരങ്ങൾ രജിസ്റ്റർചെയ്യാൻകൊണ്ടുപോകുമ്പോൾ രജിസ്റ്റർഫീസ് നിശ്ചയിക്കുന്നതിനു വേണ്ടി സാമാന്യങ്ങളുടെ വിലയിടണമെന്നുണ്ട്. അതിലേക്കു വേണ്ടിമാത്രം ഇടുന്ന ഒരു വിലയാണ് ആധാരങ്ങളിൽ കാണുന്നത്.

**MR. A. S. DAMODARAN ASAN** (*Mavelikara* cum *Kartikapalli*): വ്യവഹാരം കുറയണമെന്നാണല്ലൊ ആഗ്രഹം. ആ സ്ഥിതിക്കുകാണുപ്പാട്ട ആധാരങ്ങളിൽ കാണുന്ന തുക ജന്മിക്കുകൊടുക്കേണ്ടതാണ് എന്നുള്ള ഒരു ഭേദഗതിയല്ലെ മെമ്പർ കൊണ്ടുവരേണ്ടിയിരുന്നത്?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): വ്യവഹാരം വർദ്ധിക്കാതെയും, ഞങ്ങൾക്കുകിട്ടേണ്ട ആദായം കുറയാതെയും ഇരിക്കണമെന്നാണ് എന്റെ ആഗ്രഹം.

**MR. K. P. ABRAHAM** (*Muvattupuzha* cum *Todupuzha*): ഇന്നു കുറവായിരിക്കുന്നതു കൂട്ടരുത് എന്ന വിചാരം കൂടിയുണ്ടോ?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): ഇന്നത്തെ നിലയ്ക്കു ഒരിക്കലും കൂട്ടാൻ പാടില്ല. കുടിയാനവനു ജന്മി ഒഴിച്ചു മറ്റാരും തന്നെ സൌജന്യങ്ങൾ ചെയ്തു കൊടുക്കുന്നതായി കാണുന്നില്ല. ഇന്നു ഭൂമിയുടെ ഉടമസ്ഥാവകാശം ജന്മിക്കു മാത്രമല്ല ഉള്ളതു്. ജന്മമല്ലാത്ത പണ്ടാരപ്പാട്ടം വസ്തുക്കളുണ്ട്; സർക്കാർ ദേവസ്വം വക വസ്തുക്കളുണ്ട്; കണ്ടുകൃഷി വസ്തുക്കളുണ്ട്. ഈ വസ്തുക്കളിൽ നിന്നും ഉടമസ്ഥനു കിട്ടേണ്ടതായ ആദായം ഉടമസ്ഥന്റെ ഇഷ്ടംപോലെ കൂട്ടി ആധാരങ്ങ



LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Tuppan Namputiripad.]

ളിൽ വ്യവസ്ഥ ചെയ്യാം. പണ്ടാരപ്പാട്ടം @ ൦ ൦ ഏക്കർ സ്ഥലം ഒരു കീഴ്കുടിയാന് പാട്ടം കൊടുക്കുന്നപക്ഷം ഉടമസ്ഥന്റെ ഇഷ്ടം പോലെ പാട്ട സംഖ്യ ചുമത്താം. ഇനി കച്ചവടക്കാരുടെ സ്ഥിതി നോക്കുന്ന പക്ഷവും അവരുടെ ഇഷ്ടം പോലെ ലാഭമെടുക്കാവുന്നതാണ്.

**MR. TARIATU KUNJITOMMAN** (*Commerce and Industry, North*): വെറും പാട്ടവസ്തുക്കളെന്ന പോലെ തന്നെ കാണപ്പാട്ട വസ്തുക്കളിൽനിന്നും ജന്മിക്കു ലഭിക്കേണ്ട ആദായം വർദ്ധിപ്പിക്കാമെന്നാണോ മെമ്പർ പറയുന്നത്? ഈ നടപ്പു മറ്റൊരു രാജ്യത്തും ഇല്ലാത്ത ഒന്നല്ലെ?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): കാണപ്പാട്ട വസ്തുക്കളുടെ ആദായം വർദ്ധിപ്പിക്കാൻ പാടില്ല എന്നുള്ള നടപ്പു ഒരു രാജ്യത്തും ഉള്ളതായി ഞാൻ അറിയുന്നില്ല. ഇന്നു നാം ഇവിടെ പാസാക്കുന്ന നിയമം അനുസരിച്ചു കാണപ്പാട്ട വസ്തുക്കളിൽ ജന്മിക്കു കിട്ടേണ്ട ആദായം വർദ്ധിപ്പിക്കാൻ പാടില്ലെന്നു വരുന്നു.

**MR. TARIATU KUNJITOMMAN** (*Commerce and Industry, North*): അതു കുറയ്ക്കാൻ പാടില്ല എന്നും വരുന്നില്ലെ?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*) : അങ്ങനെയും വരുന്നുണ്ട്.

അതിനാൽ സാമാനങ്ങളുടെ വില കമ്പോള നിരക്കു വയ്ക്കുകയാണ് വേണ്ടതു്.

**MR. TARIATU KUNJITOMMAN** (*Commerce and Industry, North*): കമ്പോള നിരക്കു പല തരത്തിലും വരും. അതു കൊണ്ടു കുടിയാനും ജന്മിക്കും തമ്മിൽ തർക്കം വരികയില്ലെ?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): ഇപ്പോഴും ഈ വകുപ്പിൽ ചേർത്തിരിക്കുന്നതു് ഇതിലധികം കുഴപ്പം ഉണ്ടാക്കുന്നതിനു പര്യാപ്തമായ ഒന്നാണു്. ഇതിലുള്ളതു്, അധാരത്തിൽ പറഞ്ഞിട്ടുള്ളതും കമ്പോളനിരക്കും തമ്മിൽ താരതമ്യപ്പെടുത്തി നോക്കി അതിൽ ഏതു കുറവൊ അതു ജന്മിക്കു കൊടുക്കണമെന്നാണല്ലൊ. ആ വ്യവസ്ഥ ജന്മിക്കും കുടിയാനും തമ്മിൽ തർക്കത്തിനു ഇട കൊടുക്കുകയില്ല എങ്കിൽ, കമ്പോള നിരക്കും അധാരത്തിൽ പറഞ്ഞിരിക്കുന്ന വിലയും നോക്കി അതിൽ ഏതാണൊ കൂടുതൽ അതുജന്മിയ്ക്കു കൊടുക്കണമെന്നു വയ്ക്കുന്നതും തർക്കത്തിനു കാരണമാകുന്നതല്ല.

**MR. S. KRISHNA PILLAI** (*Karunagapalli*): റൌണ്ടു ടേബിൾ കാൺഫ്റൻസിൽ മെമ്പറുംകൂടി ഉണ്ടായിരുന്നല്ലൊ. അവിടെ ജന്മിയും

LIBRARY ARCHIVES Kerala Legislative Assembly

കുടിയാനും ഗവർണ്മെൻറും തമ്മിൽ യോജിച്ചു എഴുതിയിട്ടുള്ള ഒരു വ്യവസ്ഥയല്ലെ ഇതു്?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*) : അതെ.

**MR. S. KRISHNA PILLAI** (*Karunagapalli*): ഈ വ്യവസ്ഥ ശരിയല്ല എന്നു മെമ്പർ പറയുന്നു. അപ്പോൾ മെമ്പറുടെ സമ്മതം കൂടാതെയാണു് റൌണ്ടുടേബിൾ കാൺഫ്റൻസിൽ നിന്നും ഈ വ്യവസ്ഥ എഴുതിയിട്ടുള്ളതെന്നാണൊ മെമ്പർ പറയുന്നതു്?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): റൌണ്ടുടേബിൾ കാൺഫ്റൻസ് തീരുമാനിച്ചിട്ടുള്ള തത്വങ്ങളെ ഞങ്ങൾ സ്വീകരിച്ചു എന്നും ആ തത്വങ്ങളെ അടിസ്ഥാനമാക്കി എഴുതിയിട്ടുള്ള ഈ ബില്ലു ഞങ്ങൾ സ്വീകരിക്കുന്നില്ലെന്നും പല അവസരങ്ങളിലും ഞാൻ പ്രസ്താവിച്ചിട്ടുണ്ടു. ഒരു പക്ഷെ അതു സമ്മതിച്ചു എന്ന വാദത്തിനു വേണ്ടി സമ്മതിക്കാം. റൌണ്ടുടേബിൾ കാൺഫ്റൻസിലെ ജന്മിമാരല്ലാത്ത മെമ്പർമാരും അവിടെ സ്വീകരിച്ചിട്ടുള്ള തത്വത്തിനു വിപരീതമായി ഭേദഗതികൾ കൊണ്ടു വന്നിട്ടില്ലെ? അതു പോലെ തന്നെ സെലക്ട് കമ്മിറ്റിയിലെ ചില മെമ്പർമാർ സെലക്ട് കമ്മിറ്റി സ്വീകരിച്ചിട്ടുള്ള തത്വങ്ങൾക്കു വ്യത്യസ്തമായി ഈ കൌൺസിലിൽ ഇഷ്ടംപോലെ ഭേദഗതി കൊണ്ടു വരാറില്ലെ? അപ്പോൾ അതു കൊണ്ടു തടസ്ഥമില്ലാത്ത ഒരു സംഗതിയാണെന്നു വന്നു. അതിനാൽ ഈ ഒരു വാദം ശരിയാണെന്നു എനിക്കു തോന്നുന്നില്ല.

**MR. S. KRISHNA PILLAI** (*Karunagapalli*): അധാരത്തിൽ ക്ലിപ്തം ചെയ്തിരിക്കുന്ന വില തന്നെ സ്വീകരിക്കുന്നതിൽ വിരോധമുണ്ടൊ?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): സ്വീകരിക്കുന്നതിൽ വിരോധമില്ല. എന്നാൽ അതിൽ മറെറാരു ദോഷമുണ്ടു്. ഒരാധാരത്തിൽ "ര ചക്രം വിലക്കു ൨൦൦ പടറു കാ എഴുതിച്ചുകൊള്ളണം" എന്നൊ അല്ലെങ്കിൽ "൨൦൦ പടറു പഴക്കായ്ക്കു ര ചക്രം വിലയും" എന്നൊ വച്ചിരിക്കാം. ഇതിൽ രണ്ടാമതു പറഞ്ഞ തരത്തിൽ ഉള്ളതിനു ആധാരത്തിലെ കരാറായ ര ചക്രത്തിൽ നിന്നു കൂടുതൽ വേണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. "നാലു ചക്രം വിലക്കു ൨൦൦ പടറു കാ എഴുതിക്കണം" എന്നു വരുമ്പോൾ പണമല്ല ആ കായാണു് ജന്മിമാക്കു കിട്ടേണ്ടതു്. ഇങ്ങനെയുള്ള സംഗതിയിൽ കായ്ക്കുള്ള വില കമ്പോള നിരക്കു വച്ചു കിട്ടണമെന്നാണു് ഞാൻ പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. S. KRISHNA PILLAI (*Karunagapalli*) : കാണയാധാരത്തിൽ പ്രത്യേകമായി വില നിശ്ചയിച്ചു കഴിഞ്ഞാൽ, കിട്ടേണ്ടതു സാധനമാണെങ്കിലും, ആധാരത്തിൽ കാണുന്ന വിലയെ കോടതി വിധിച്ചു തരികയുള്ളു എന്നറിയാമൊ? അതായതു "കാൽ പണം വിലയുള്ള ഒരു ചേനയും" എന്നു കാണയാധാരത്തിൽ കാണുകയാണെങ്കിൽ കാൽ പണമല്ലാതെ ഒരു ചേന വാങ്ങിക്കാനുള്ള പണ്ടു ചക്രം കോടതി വിധിച്ചു തരികയില്ലെന്നു മെമ്പർക്കറിയാമൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അനേകം കേസുകളിൽ കമ്പോളനിരക്കനുസരിച്ചു വിധി ഉണ്ടായിട്ടുണ്ടു്.

MR. S. KRISHNA PILLAI (*Karunagapalli*): അങ്ങനെയുള്ള ഡിക്രികൾ കടിയാന്റെ ശക്തിഹീനത കൊണ്ടൊ, അല്ലെങ്കിൽ ജന്മിയുടെ സ്വാധീനശക്തി കൊണ്ടൊ സമ്പാദിക്കാൻ സാധിച്ചു എന്നു വരാം. എന്നാൽ ഹൈക്കോടതിയിൽ നിന്നും ആധാരത്തിൽ പറഞ്ഞിരിക്കുന്ന സംഖ്യയല്ലാതെ വിധിച്ചു കൊടുത്തിട്ടുള്ളതായി ഡിക്രികൾ ഉണ്ടൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അങ്ങനെ വിധിവന്നിട്ടുള്ള ഹൈക്കോടതി ഡിക്രിതന്നെ കാണിക്കാം. മുമ്പു് ഹൈക്കോടതിയിൽ ഒരു നമ്പൂതിരി ജഡ്ജിയുണ്ടായിരുന്നു. ആ കാലത്തുള്ള വിധിയായിരുന്നു ഇതു് എങ്കിൽ, ജന്മിമാരുടെ സ്വാധീന ശക്തികൊണ്ടു ഇങ്ങനെയുള്ള ഡിക്രികൾ ധാരാളം സമ്പാദിച്ചിരിക്കാമെന്നുള്ള മെംബറുടെ വാദം ശരിയായിരിക്കുമായിരുന്നു. എന്നാൽ അദ്ദേഹം മരിച്ചശേഷമുള്ള ഹൈക്കോടതി വിധിയാണു് ഞാൻ കാണിക്കാമെന്നു പറഞ്ഞതു്. അതു് എന്റെ പെട്ടിക്കകത്തിരുപ്പുണ്ടു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അതു മുൻവിധികളെ അടിസ്ഥാനപ്പെടുത്തി വിധിച്ചിട്ടുള്ളവയായിരിക്കുമൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഒരാൾ തെറ്റുചെയ്താൽ അതിനെ അടിസ്ഥാനപ്പെടുത്തി അയാളുടെ പിൻഗാമികളും അതു് ചെയ്യണമെന്നില്ലല്ലൊ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): നമ്പൂതിരിജഡ്ജി ഹൈക്കോടതിയിലായിരുന്നല്ലൊ ഇരുന്നിരുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അന്യായംചെയ്ത ഒരു ജഡ്ജിയെ മറ്റുള്ള ജഡ്ജിമാർ പിൻതുടരണമെന്നില്ല. അങ്ങനെ ചെയ്യുകയുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): നാലു ചക്രത്തിനു ഏല്പിക്കുന്ന പടവുകാ ഇരുനീളത്തിൽ ഇരുവണ്ണത്തിൽ ആയിരിക്കണമെന്നുള്ളതിനു വല്ല വ്യവസ്ഥയുമുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതിനു ഇന്ന തുക മുണ്ടായിരിക്കണമെന്നു കണക്കുണ്ട്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): നാലു ചക്രത്തിനു കിട്ടുന്നതായ ഉണങ്ങിയ കാ കൊണ്ടുവന്നാൽ ജന്മി അതും സ്വീകരിക്കേണ്ടയൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഞങ്ങൾ ഇപ്പോൾ സ്വീകരിച്ചുവരുന്നുണ്ട്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): മെംബർക്ക് അതു സ്വീകരിക്കാമെങ്കിൽ അതിന്റെ വില വാങ്ങിക്കരുതൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതു് സ്വീകരിക്കാത്ത ജന്മിമാരുമുണ്ടു്. എന്നാൽ നാലുചക്രം വിലയുള്ള കാ തന്നെ കൂടിയാനവനു കൊണ്ടെക്കൊടുക്കരുതൊ? ഉണങ്ങികരിഞ്ഞുതുങ്ങികിടക്കുന്ന കാ കൊടുത്താലും മതി. അതിലേക്കു കൂടിയാനു് എന്താണു് തടസ്ഥം?

സാധനങ്ങളുടെ വില അധാരത്തിൽ പറഞ്ഞിട്ടുള്ളതിലും കമ്പോളനിരക്കിലും ഏതാണൊ "കൂടിയതു്" അതു ജന്മിക്കു കൊടുക്കണമെന്നു വച്ചാൽ കൂടിയാനു എന്തുമാത്രം സങ്കടത്തിനു അവകാശമുണ്ടോ അതുപോലെയുള്ള ഒരു സങ്കടം "കുറഞ്ഞതു്" എന്നാക്കുമ്പോൾ ജന്മിക്കുണ്ടാകുന്നു എന്നുള്ളതു സ്പഷ്ടമാകുന്നു. അതിനാൽ ഇരുരണ്ടും വേണ്ട, കമ്പോളനിരക്കുവച്ചാൽ മതി. അതുകൊണ്ടു കൂടിയാനും സങ്കടമില്ല ജന്മിക്കും സങ്കടമില്ല.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): കൊടുക്കേണ്ടതു കൂടിയാനായതുകൊണ്ടു കൂടിയാന്റെ ഇഷ്ടംപോലെ കൊടുക്കാമല്ലൊ.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): സാമാനമായിട്ടു കൊടുക്കണമെന്നു ക്ലിപ്തം ചെയ്തിരുന്നാലൊ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): സാമാനമായിട്ടും കൊടുക്കാൻ കൂടിയാനു് അവകാശമുണ്ടെല്ലൊ.

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഇപ്പോൾ നാം പാസാക്കുന്ന റഗ്ലേഷൻപ്രകാരം സാമാനമായി ഏല്പിക്കാൻ അവകാശമില്ല. ഗവണ്മെൻറു ജന്മിഭോഗം പിരിച്ചുതരാമെന്നു പറഞ്ഞതുകൊണ്ടു കുടിയാൻറെ പക്കൽനിന്നും സാധനങ്ങൾ വാങ്ങി ജന്മിക്കുകൊടുത്തുകൊള്ളുമെന്നു അർത്ഥം വരുന്നില്ല.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): കൊടുക്കുന്നവക്കല്ലെ വാങ്ങിക്കുന്നവരെക്കാൾ കൂടുതൽ ബുദ്ധിമുട്ട്? അതുകൊണ്ടു അവക്കല്ലെ കൂടുതൽ സൌകര്യം ചെയ്തുകൊടുക്കേണ്ടതു?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ജന്മിക്കു കൊടുക്കുന്ന വിഷയത്തിൽ മാത്രമല്ല ബുദ്ധിമുട്ടു വരുന്നതു. ഒരാൾ കച്ചീട്ടെഴുതികൊടുത്തു ക ാ ാ രൂപാ വാങ്ങിക്കുന്നു. തിരിയെ കൊടുക്കുന്നതിനു ബുദ്ധിമുട്ടാണെങ്കിൽ കൊടുക്കേണ്ട എന്നുവയ്ക്കാറുണ്ടോ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): കൊടുക്കേണ്ടവക്കു കോടതിപോലും അവധി നീട്ടികൊടുക്കയും മറും ചെയ്തു ദയവായി പെരുമാറി വരുന്നില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ആ ദയയൊന്നും നിയമം രൂപികരിക്കുന്ന അവസരത്തിൽ ചെയ്യാനില്ല.

MR. K. P. NILAKANTA PILLAI (*Chirayinkil*): കാണപ്പാട്ട ആധാരങ്ങളിൽ 'ര' ചക്രത്തിനു ക ാ ാ പടറുകാ' എന്നു് എഴുതിയിട്ടുള്ളതിൻറെ ഉദ്ദേശം ര് ചക്രത്തിനു ക ാ ാ പടറുകാ കിട്ടുമെന്നുള്ളതല്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ആയിരിക്കാം. എന്നാൽ ഞാൻ മുമ്പു് പറഞ്ഞതുപോലെ സാധനമായിതന്നെ തരണമെന്നു ആധാരങ്ങളിൽ എഴുതി രജിസ്റ്റർചെയ്യാൻ കൊണ്ടുപോകുമ്പോൾ സാധനങ്ങൾക്കു വിലയിടണമെന്നു നിബന്ധമുണ്ടു്. അല്ലെങ്കിൽ ആധാരം രജിസ്തരാക്കുകയില്ല. അതിലേക്കുവേണ്ടി ഒരു ചെറിയ വല ആധാരങ്ങളിൽ വയ്ക്കുകയാണു് പതിവു.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഈ ആധാരങ്ങളുടെ ചിലവു ആരാണു് വഹിക്കുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ആധാരചിലവു് ജന്മിക്കും കുടിയാനും ഒന്നുപോലെയാണു്. കാണയാധാരത്തിനു രജിസ്റ്റർ ഫീസല്ലാതെ മുദ്രവില ആവശ്യമില്ല.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ജന്മിക്കു ഒപ്പിട്ടുന്നതിനുപോലും കുടിയാൻ പണം കൊടുക്കണമല്ലൊ. അതിനല്ലെ "ഓലപ്പണമെന്നും" "ഒപ്പുസൂചി" എന്നും മറും പറഞ്ഞു ജന്മിമാർ വാങ്ങിച്ചുവന്നിരുന്നതു?

LIBRARY ARCHIVES Kerala Legislative Assembly

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): പഴയകാലത്തു ഇതൊക്കെ എന്തിനാണു സ്വീകരിച്ചുവന്നിരുന്നതെന്നുള്ളതിനെപ്പറ്റി പറയേണ്ട അവസരം ഇതാണെന്നു ഞാൻ വിചാരിക്കുന്നില്ല.

**MR. M. GOVINDAN** (*Nominated*): "ആധാരത്തിലുള്ള വ്യവസ്ഥയനുസരിച്ചോ ആധാരത്തിൽ വ്യവസ്ഥയില്ലാത്തപക്ഷം കമ്പോളനിരക്കുവച്ചോ" എന്നുമാത്രം ചേർക്കയും "ഇതിൽ ഏതാണൊ കുറഞ്ഞതു് അതു്" എന്നുള്ളഭാഗം വിട്ടുകളയുകയും ചെയ്താൽ മെംബർക്കു് അതു് സ്വീകരിക്കുന്നതിൽ വിരോധമുണ്ടോ?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): അങ്ങനെയാക്കിയാൽ വിരോധമില്ല. അതാണു ഞാനും ഇവിടെ പറയുന്നതു്.

**MR. A. THANU PILLAI** (*Trivandrum*): ഇന്നു നടപ്പിലിരിക്കുന്ന നിയമപ്രകാരം കുടിയാനവനു് സാമാനമൊ പണമൊ കൊടുക്കുന്നതിനുള്ള അവകാശമുണ്ടല്ലൊ.

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): അങ്ങനെ ആധാരത്തിൽ വാചകമെഴുതിയിരുന്നാൽ ഉണ്ടു്.

**MR. A. THANU PILLAI** (*Trivandrum*): സാമാനം കൊടുക്കുക എന്നു വരുമ്പോൾ കുടിയാനവനു കുറഞ്ഞ ചിലവല്ലെ വരികയുള്ളു? ആധാരത്തിൽ എന്തുതന്നെ വച്ചിരുന്നാലും അന്നത്തെ വിലവച്ചു സാമാനം വാങ്ങി കുടിയാനവനു കൊടുപ്പിക്കാമല്ലൊ. മേലാൽ അങ്ങനെ സാമാനം വാങ്ങി കൊടുപ്പിക്കുന്നതിനു കുടിയാനുള്ള അവകാശത്തെ നാം ഇല്ലാതെ ആക്കാനല്ലെ പോകുന്നതു്?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): അതെ.

**MR. A. THANU PILLAI** (*Trivandrum*): ഇന്നാണെങ്കിൽ കുടിയാനു കുറഞ്ഞവിലക്കു സാമാനം കൊടുപ്പിക്കാൻ സാധിക്കും. പണമാണു കൊടുക്കേണ്ടതെങ്കിൽ കുറഞ്ഞ നിരക്കനുസരിച്ചു കൊടുക്കുന്നതിനും ഇന്നു കുടിയാനു സ്വാതന്ത്ര്യമുണ്ടു്.

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): ഇപ്പോഴത്തെ നിയമപ്രകാരം അങ്ങനെയല്ല. കമ്പോളനിരക്കാണു കൊടുക്കേണ്ടതു്.

**MR. A. THANU PILLAI** (*Trivandrum*): വിലആധാരത്തിൽ ക്ലിപ്തം ചെയ്തിരുന്നാൽ അതല്ലെ കൊടുക്കയുള്ളു?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): അതെയെയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

**MR. A. THANU PILLAI** (*Trivandrum*): ആധാരത്തിൽ ഒന്നു പറഞ്ഞിരിക്കയും വില വേറെ ഒന്നായിരിക്കയും ചെയ്താലല്ലെ തക്കത്തിനവകാശമുള്ളൂ. ആധാരത്തിൽ ഒന്നും പറഞ്ഞിട്ടില്ലെങ്കിൽ നിങ്ങൾക്കു കമ്പോളനിരക്കനുസരിച്ചു കിട്ടും. തക്കത്തിനവകാശമില്ല. ഇന്നത്തെ സ്ഥിതിക്കു ആധാരത്തിൽ പറഞ്ഞിരിക്കുന്നതു കുറവാണെങ്കിൽ കൂടിയാൻ ആ തുക കൊടുത്താൽമതി. ആധാരത്തിലെ വിലയെക്കാൾ സാമാനത്തിനു വിലക്കുറവുണ്ടെങ്കിൽ സാധനംകൊടുത്താലുംമതി. ഏതായാലും കുറഞ്ഞ തുകക്കു കൂടിയാനവനു ഇപ്പോൾ കായ്മ നിവൃത്തിക്കാൻ സാധിക്കും. ഇതിൽ സാധനം ഏല്പിക്ക എന്നുള്ള സ്വാതന്ത്ര്യത്തെ നാം ഇപ്പോൾ എടുക്കയാണു് ചെയ്യുന്നതു്. ആ സ്ഥിതിക്കു കുറഞ്ഞ തുക വേണ്ടെ വയ്യാൻ?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): ആധാരങ്ങളിൽ വച്ചിട്ടുള്ള വിലയെക്കാൾ ഇരട്ടിയായിട്ടെ സാധാരണ കമ്പോളനിരക്കു് ഇരിക്കയുള്ളൂ. ആ നിരക്കനുസരിച്ചു കിട്ടുന്നതിനു വിധികളും ഉണ്ടായിട്ടുണ്ടു്. ആധാരങ്ങളിൽ സാധനങ്ങൾതന്നെ തരണമെന്നു പറഞ്ഞിട്ടുണ്ടു്. ജന്മിക്കു ഫ ൦ ൦ കാ കിട്ടണമെങ്കിൽ വില ശരിയായി കൊടുത്താലെ സാധിക്കയുള്ളൂ. ഇവിടെ സാധനമാണു ഞങ്ങൾക്കാവശ്യം. അതിനാൽ കമ്പോളനിരക്കുതന്നെ സ്ഥിരപ്പെടുത്തേണ്ടതാണു്.

**MR. S. KRISHNA PILLAI** (*Karunagapalli*): ഈ സെക്ഷനിൽ കമ്പോളനിരക്കല്ല പറയുന്നതെന്നു മെമ്പർ മനസ്സിലാക്കിയിട്ടുണ്ടോ? പറയുന്നതു "കസ്റ്റമറി റേറു്" എന്നാണു്. അതായതു അതാതു സ്ഥലത്തെ പതിവു റേറു്. ഇതു മെമ്പർ മനസ്സിലാക്കിയിട്ടുണ്ടോ?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതി പതിവു നിരക്കു് എന്നു പറയുന്നതു കമ്പോളനിരക്കാണെന്നുള്ള അർത്ഥത്തോടുകൂടിയാണു്. ആ അർത്ഥം വരുന്നില്ലെങ്കിൽ "പതിവുനിരക്കു്" എന്നുള്ളതും "കമ്പോളനിരക്കു്" എന്നാക്കണം എന്നുകൂടി എനിക്കപേക്ഷയുണ്ടു്.

**MR. A. S. DAMODARAN ASAN** (*Mavelikara cum Kartikapalli*): കമ്പോളനിരക്കു തരണമെന്നു ഹൈക്കോടതി വിധിയുണ്ടായിട്ടുണ്ടു് എന്നു പറഞ്ഞല്ലൊ. അതു പ്രതിയുടെ തക്കം കേട്ടശേഷമുള്ള വിധിയാണൊ?

**MR. C. N. TUPPAN NAMPUTIRIPAD** (*Jenmies*): അന്യായത്തിൽ അനേകം സംഗതികൾ പറഞ്ഞിട്ടുള്ളതിൽ ഇതുംകൂടിയുണ്ടു്. പ്രതിയുടെ പത്രികവന്നു തക്കം കേട്ടശേഷം വിധിച്ചിട്ടുള്ളതാണു്.

